**വിശാലമായ അർത്ഥത്തിൽ നോക്കിയാൽ ഒരു വ്യവസ്ഥ നിലനിർത്താൻ വേണ്ടി ആരെങ്കിലും യാതന അനുഭവിക്കുന്നുവെങ്കിൽ ആ യാതനയെ മറികടക്കാൻവേണ്ടി ചെയ്യുന്ന ശ്രമങ്ങൾ ആയി സാമൂഹിക പ്രവർത്തനത്തിനെ കാണണം. സാമൂഹിക പ്രവർത്തനത്തെക്കുറിച്ചുള്ള ആധുനിക സങ്കല്പം അറിവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുക എന്നതാണ്. അത് ജനാധികാരം അല്ലെങ്കിൽ ജനാധിപത്യം എന്ന സങ്കല്പവുമായി ഇഴുകി ചേർന്നു കൊണ്ടുള്ള ഒന്നാണ്. അധികാരത്തിന്റെ കേന്ദ്രം പരമ്പരാഗത സ്ഥാനത്തുനിന്നു മാറുന്നതിന്റെ പശ്ചാത്തലത്തിലാണ് ഈ സങ്കല്പങ്ങൾ ഉയർന്നുവരുന്നത്.**

# ജനാധികാരത്തിനായുള്ള സാമൂഹിക പ്രവർത്തനം

ഡോ. നിസാർ അഹമ്മദ്
ചിത്രീകരണം : വി.എസ്. ഗിരീശൻ

ഇന്ന് നിലവിലുള്ള ഒരു പ്രയോഗത്തിന്റെ ആദർശരൂപം എന്ന നിലയ്ക്കുള്ള ജനാധികാരം എന്ന സങ്കല്പം ലോകത്ത് അവതരിപ്പിക്കപ്പെട്ടിട്ട് ഏറെക്കാലമായില്ല. സാമൂഹിക പ്രവർത്തനത്തെക്കുറിച്ചുള്ള ആധുനിക സങ്കല്പം അറിവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുക എന്നതാണ്. അത് ജനാധികാരം അല്ലെങ്കിൽ ജനാധിപത്യം എന്ന സങ്കല്പവുമായി ഇഴുകി ചേർന്നു കൊണ്ടുള്ള ഒന്നാണ്. അധികാരത്തിന്റെ കേന്ദ്രം പരമ്പരാഗത സ്ഥാനത്തുനിന്നു മാറുന്നതിന്റെ പശ്ചാത്തലത്തിലാണ് ഈ സങ്കല്പങ്ങൾ ഉയർന്നുവരുന്നത്. രാജാവിന്റെ അല്ലെങ്കിൽ ഒരു ചെറുവിഭാഗം ആളുകളുടേത് എന്നതിൽനിന്ന് അധികാരവിനിയോഗത്തിന്റെ സങ്കല്പം ജനതയുടെ മുഴുവനും എന്നതിലേക്ക് മാറുന്നതിന്റെ ഒരു പശ്ചാത്തലം തന്നെയാണ് സാമൂഹിക പ്രവർത്തനത്തിന് ഉള്ളത്.


ജനാധികാരം എന്ന സങ്കല്പത്തിനുതന്നെ സംഭവിച്ചിട്ടുള്ള സ്ഥാനമാറ്റം നമ്മൾ ചരിത്രപരമായി പരിശോധിക്കേണ്ടതാണ്. സാമൂഹിക പ്രവർത്തനം എങ്ങനെയാണ് പുന:സംഘടിപ്പിക്കേണ്ടത് എന്ന് ആലോചിക്കുമ്പോൾ, അത് എങ്ങനെയാണ് ജനാധികാരത്തെ മുൻനിർത്തി പ്രവർത്തിക്കേണ്ടത് എന്ന് ആലോചിക്കുമ്പോൾ, ഈ അധികാരത്തിന്റെ സ്ഥാനമാറ്റത്തെപ്പറ്റി വളരെ സൂക്ഷ്മമായി പഠിക്കേണ്ടതാണ്. ഒരു തരം വികേന്ദ്രീകരണത്തിന്റേതാണ് ഈ മാറ്റം.

അറിവിന്റെയും ഭൗതിക വിഭവങ്ങളുടെയും കേന്ദ്രീകരണം ഒരു പ്രത്യേക സ്ഥാനത്ത് എത്തിനിൽക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക ക്രമീകരണം നടക്കുകയും ചെയ്യുന്ന ഒരു അവസ്ഥയിൽനിന്ന് ശക്തി വിനിയോഗത്തിന്റെ വികേന്ദ്രീകരണം സംഭവിക്കുകയാണ്. യൂറോപ്പിന്റെയും ഭൂമിയിലെ മറ്റ് ഭാഗങ്ങളുടെയും സാമൂഹികചരിത്രങ്ങൾ നോക്കുമ്പോൾ ഇത്തരത്തിലുള്ള ഒരു വികേന്ദ്രീകരണം നടന്നത് കാണാം. അറിവ് പരമ്പരാഗതമായി അധികരിക്കപ്പെട്ടിരുന്ന ഒന്നാണ്, പാരമ്പര്യമാണ് അറിവിനെ അധികാരപ്പെടുത്തുന്നത് എന്ന സങ്കല്പത്തിൽനിന്ന് മാറി അറിവ് മനുഷ്യരാശിയിലെ ഓരോ വ്യക്തിക്കും സ്വായത്തമാക്കാൻ സാധിക്കുന്ന ഒന്നാണ്, അതിന് അവനവന്റെ യുക്തി പ്രയോഗിച്ചാൽ മതി എന്നുള്ള ഒരു സങ്കല്പത്തിലേക്ക് സാമൂഹിക ജീവിതം മാറുന്നതിന്റെ ഒരു ഭാഗമായിട്ടാണ് ജനാധിപത്യ സങ്കല്പങ്ങൾ രൂപപ്പെടുന്നത്. അപ്പോൾ അറിവിന്റെ മേഖലയിലുള്ള സ്ഥാനമാറ്റം സാമൂഹിക പ്രവർത്തനത്തിന്റെ പുതിയ സങ്കല്പത്തിന് ആധാരമായിക്കിടക്കുന്നു. അതിന്റെ മറ്റൊരു വശം മാത്രമാണ് ജനാധിപത്യവത്കരണരൂപത്തിൽ യൂറോപ്പിൽ മുഴുവനും ഒരു കാലത്ത് കണ്ടുവന്നത്. അതായത് അറിവിന്റെ ആധികാരികത ഒരിടത്തും ഇല്ല. സാമൂഹിക പ്രവർത്തനത്തിലെ അറിവിന്റെ അധികാരം ഒരിടത്തും നിക്ഷിപ്തമായിട്ടില്ല. അത് മനുഷ്യന്റെ ചില ജന്മസിദ്ധമായ കഴിവുകളിലാണ്. അവനവന്റെ വ്യവസായിക ബുദ്ധി പ്രയോഗിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്നതാണ് അറിവ്. ഇങ്ങനെ മനുഷ്യന്റെ, മനുഷ്യ വ്യക്തിയെപ്പറ്റിയുള്ളതായ, സങ്കല്പങ്ങളിൽ നിന്നാണ് ആത്യന്തികമായി ഈ ജനാധികാരവും സാമൂഹിക പ്രവർത്തനത്തിന്റെ ജനാധികാരപരമായിട്ടുള്ള സങ്കല്പങ്ങളും വരുന്നത്.

താത്വികമായി നോക്കിയാൽ, യൂറോപ്പിൽ അത് ബോധോദയത്തിന്റെ (enlightenment) ഒരു ഉപോൽപന്നമാണ്. സത്യത്തിലും, യുക്തിയുടെ പ്രയോഗത്തിലും പുരോഗതിയിലും അധിഷ്ഠിതമായ, മനുഷ്യന്റെ വിമോചനത്തിന് വേണ്ടിയുള്ള, ഒരു ശ്രമമാണ് യൂറോപ്പിലെ ബോധോദയം തൊടുത്തുവിട്ട മുന്നേറ്റങ്ങൾ ഉണ്ടാക്കിയത്. മധ്യയുഗത്തിലെ യൂറോപ്പിൽ പള്ളിയുടെയും പരമ്പരാഗത വിശ്വാസങ്ങളുടെയും ഫ്യൂഡൽ സമ്പ്രദായത്തിന്റെയും ഫലമായി വ്യാപകമായി ഉണ്ടായ അധികാര കേന്ദ്രീകരണത്തിന്റെ മറുകുറിയിട്ടാണ് ഇതൊക്കെ വരുന്നത്. ഇതിനെ

തുടർന്നുണ്ടായ ജനാധിപത്യവത്കരണം എന്നുള്ളത് യൂറോപ്പിൽ വളരെ വേഗത്തിൽ പ്രചരിച്ചു. പിന്നീട് ലോകം മുഴുവൻ വ്യാപിച്ചു. കോളനിവത്കരണത്തിലൂടെ ജനാധിപത്യത്തെപ്പറ്റിയും മനുഷ്യനെപ്പറ്റിയും മനുഷ്യന്റെ മോചനത്തെപ്പറ്റിയുമുള്ള സങ്കല്പങ്ങളും വ്യാപിക്കുകയുണ്ടായി. ജനാധികാരം എന്നത് വോട്ടവകാശം നേടുന്നതിന് വേണ്ടിയുള്ള സമരങ്ങളുടെയും മറ്റും ഫലമായി ക്രമേണ പടുത്തുയർത്തപ്പെട്ട ഒന്നാണ്. റിപ്പബ്ലിക് എന്നു പറയുന്നത് ജനപ്രാതിനിധ്യ സ്വഭാവമുള്ള ഒരു രാഷ്ട്രരൂപമാണ്. ജനങ്ങൾക്കിടയിലെ വ്യത്യസ്ത വിഭാഗങ്ങൾ പ്രാതിനിധ്യ വ്യവസ്ഥയിലേക്ക് അല്ലെങ്കിൽ പ്രതിനിധാന ഭരണത്തിന്റെ സ്ഥാനങ്ങളിൽ തങ്ങളുടെ പങ്കാളിത്തം ഉറപ്പിക്കാൻ വേണ്ടി സമരങ്ങൾ ചെയ്യുകയും അതിൽ വിജയിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഇന്ന് ലോകത്ത് കാണുന്ന ജനാധിപത്യം വ്യവസ്ഥാപിതമായത്. ഇപ്പോഴത്തെ ജനാധിപത്യവത്കരണത്തിന്റെ ചരിത്രം അതാണ്. യൂറോപ്പിൽ സ്ത്രീകൾ അടുത്ത കാലത്താണ് വോട്ടവകാശം ആർജ്ജിച്ചത്.

ജനാധിപത്യവൽക്കരണം എന്നത് തുടക്കത്തിൽ വെറും കാല്പനിക തലത്തിൽ മാത്രം ഉണ്ടായിരുന്ന ഒരു ആശയമാണ്. കാല്പനികതലത്തിൽ തന്നെ അത് വരുമ്പോൾ സ്വേച്ഛാധിപത്യ സ്വഭാവമുള്ള ഫാസിസം, നാസിസം, ഇപ്പോഴത്തെ ഇസ്ലാമിക, ഹിന്ദുത്വ മൗലികവാദങ്ങൾ പോലുള്ള സങ്കല്പങ്ങളിലേക്ക് നീങ്ങാനുള്ള അതിന്റെ സാദ്ധ്യത ഏറെയാണ്. കാല്പനിക സ്വഭാവം സ്വീകരിക്കുമ്പോൾ, ജനാധികാര പ്രക്രിയയിൽ അന്തർഭവിച്ച യുക്തിവൽക്കരണം നമ്മൾ വിസ്മരിക്കുകയാണെങ്കിൽ, ജനാധിപത്യത്തിന്റെ പേരിൽ നമ്മൾ കൂടുതൽ കൂടുതൽ സ്വേച്ഛാധിപത്യ പരമായ ഒരു അധികാരകേന്ദ്രീകരണത്തിലേക്ക് വഴുതിവീഴുമെന്നത് ചിന്തനീയമാണ്. അതായത്



**ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനുവേണ്ടി പ്രവർത്തിക്കുന്നു എന്നു പറയുന്ന ഒരു വിഭാഗം ആളുകൾക്ക്, സാമൂഹിക പ്രവർത്തകർക്ക്, ആവശ്യമായിട്ടുള്ള സംവേദനക്ഷമതയുടെ സ്വഭാവത്തെപ്പറ്റി നാം എത്രത്തോളം ആലോചിച്ചിട്ടുണ്ട്? സംവേദനക്ഷമതയുടെ ലക്ഷണങ്ങളിൽ ഒന്ന് സാമൂഹ്യ പ്രവർത്തകർക്ക് പരസ്പരവും അവർക്ക് ജനങ്ങളോടും ഉള്ള വിശ്വാസ്യത, അല്ലെങ്കിൽ ഉത്തരവാദിത്വബോധം ആണ്. അത്തരം സംവേദനക്ഷമത ജനാധിപത്യതത്വത്തിൽ അന്തർലീനമാണ്.**

സമൂഹം കൂടുതൽ കൂടുതൽ യുക്തിവൽകരണത്തിലേക്ക് പോകുന്നതിന്റെ ഭാഗമായിട്ടാണ് ജനാധിപത്യ സങ്കല്പം പക്വമാവുക. കാല്പനികം ആകുമ്പോൾ അത് അഗോചരമായ ശക്തിബന്ധങ്ങൾക്കടിപ്പെട്ട് നമുക്ക് പ്രവചിക്കാനാവാത്ത പ്രത്യാഘാതങ്ങളിലേക്ക് നീങ്ങാനും വീണ്ടും ജനങ്ങളെ അടിച്ചമർത്തുന്ന ഒന്നായി അത് മാറാനും സാദ്ധ്യതയുണ്ട്. ഇത്തരം പശ്ചാത്തലത്തിൽ സാമൂഹിക പ്രവർത്തനം എന്നത് പുനർവിചിന്തനം ചെയ്യുമ്പോൾ ജനാധികാരം എന്തായിരിക്കും? എന്തൊക്കെയാണ് ഒരു മുന്നറിയിപ്പായി നാം എടുക്കേണ്ടത്? എന്തൊരു പശ്ചാത്തലത്തിലാണ് ഇത്തരത്തിലുള്ള സാമൂഹിക പ്രവർത്തനങ്ങൾ സംഘടിക്കപ്പെടുന്നത് എന്നുകൂടി നോക്കേണ്ടതാണ്. കോളനിവൽക്കരണം നടന്ന ഒരു കാലഘട്ടത്തിൽ ഭൗതികമായ അർത്ഥത്തിൽ സൈനികശക്തിയിലൂടെ വിദേശ ശക്തികൾ രാജാധികാരങ്ങളെ കീഴ്പ്പെടുത്തി നിർത്തിയിരുന്ന ഒരു കാലഘട്ടത്തിലെ ജനാധിപത്യമുന്നേറ്റത്തിനായുള്ള സാമൂഹിക പ്രവർത്തനത്തിൽനിന്ന് വളരെ വ്യത്യസ്തമായ ഒന്നാണ് ഇപ്പോൾ ജനാധികാരം നിലവിലുള്ള ഒരു സമൂഹത്തിൽ നമ്മൾ ജീവിക്കുമ്പോൾ പ്രതീക്ഷിക്കേണ്ടത്.

ഇവിടത്തെ ജനങ്ങൾ തെരഞ്ഞെടുത്ത പ്രതിനിധികൾ ഭരിക്കുന്ന ഒരു സംവിധാനത്തിൽ ജനാധികാരപരമായ സാമൂഹിക പ്രവർത്തനം എങ്ങനെയായിരിക്കും എന്ന ചോദ്യത്തിന് വളരെ ലളിതമായ ഉത്തരങ്ങൾ ഒന്നുമില്ല. അന്നത്തെ കാലത്തെപ്പോലെ സരളമായി ഗ്രഹിക്കാവുന്ന ഒന്നല്ല ഇന്നത്തെ ജനാധികാരം എന്നു പറയുമ്പോൾ നമ്മൾ എന്താണുദ്ദേശിക്കുന്നത്? ജനാധികാരമാണ് യഥാർത്ഥത്തിൽ ഇവിടെ നടപ്പുള്ളത്, തത്വപ്രകാരമെങ്കിലും. അതുകൊണ്ട് എന്തായിരിക്കും ജനാധികാരം എന്നുള്ളത് നമ്മൾ വ്യക്തമാക്കേണ്ട ആവശ്യമില്ല. രണ്ടാമത് സാമൂഹിക പ്രവർത്തനത്തെപ്പറ്റിയുള്ള സങ്കല്പവും നാം വ്യക്തമാക്കണം. ഉദാഹരണത്തിന്, നിലനിൽക്കുന്ന വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികൾ ഒക്കെത്തന്നെ സാമൂഹിക പ്രവർത്തനമാണ് നടത്തുന്നത്. അവർ ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അത് നിയമനിർമ്മാണ സഭയിൽ അവതരിപ്പിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഒരു കർത്തൃത്വസമിതി ഇത് നടപ്പാക്കാൻ ബാദ്ധ്യസ്ഥരായിരിക്കുകയും അത് വ്യവസ്ഥയോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു പശ്ചാത്തലത്തിൽ വേറെയൊന്ന് എന്തിനാണ് എന്നുള്ള ചിന്ത

നമ്മൾ വളരെ കൃത്യമായി നിർവചിക്കേണ്ടതാണ്. അതുകൊണ്ട് ഇങ്ങനെയൊരു സാമൂഹിക പ്രവർത്തനം ആവശ്യമുണ്ട് എന്ന് പറയുന്നതിന്റെ പശ്ചാത്തലം എന്താണ് എന്നുള്ളത് ചിന്തിക്കേണ്ടതാണ്.

•

ചില ആശങ്കകൾ ഇവിടെ അവതരിപ്പിക്കുകയാണ്. ഉദാഹരണത്തിന് ചരിത്രം. സ്വതന്ത്ര ഇന്ത്യ രൂപപ്പെടുന്നതിന് മുമ്പുള്ള ചരിത്രം നോക്കിക്കഴിഞ്ഞാൽ, സംഘടിതായ പ്രവർത്തനങ്ങളുടെ ഫലമായി നേടിയ സമ്പ്രദായികതയും അതിന് ശേഷം ഉണ്ടായിട്ടുള്ള ഒരു സമ്പ്രദായികതയും ഉണ്ട്. ജനാധികാര മൂല്യങ്ങൾ സ്ഥാപനങ്ങളിലൂടെയും പ്രയോഗങ്ങളിലൂടെയും പിന്നീട് വ്യവസ്ഥാപിതമാവുകയാണ്. അത്തരം ജനാധികാരരൂപങ്ങൾ പിന്നീട് ജീർണ്ണിക്കുന്നതിന് നാം സാക്ഷ്യം വഹിക്കുന്നു. കാരണം ജനാധികാരപരമായ സാമൂഹിക പ്രവർത്തനങ്ങൾ അതിന്റെ ആവിർഭാവദശയിൽ മുന്നോട്ടുവെച്ച ആശയങ്ങളെ, ആദർശങ്ങളെ, ഒന്നും തന്നെ നിലനിർത്താനോ അതിനോട് പ്രതിസ്പന്ദിക്കുവാനോ അതിനോട് സൂക്ഷ്മ സംവേദനം നടത്താനോ വ്യവസ്ഥയ്ക്ക് കഴിയുന്നില്ല. വ്യവസ്ഥവത്കരിക്കപ്പെടുമ്പോൾ ആദർശങ്ങൾ അട്ടിമറിക്കപ്പെടുന്നതായി കാണുന്നു. അതിന്റെ പ്രശ്നങ്ങൾ എന്താണ്? മനസ്സിലാക്കാൻ കഴിയുന്നില്ല. മനുഷ്യൻ തന്നെയാണോ പ്രശ്നം? ഇത്രയും കാലത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ നിന്നിട്ടും വീണ്ടും പഴയപോലെ കാര്യങ്ങൾ ആവർത്തിക്കാൻ വേണ്ടിയാണോ നമ്മൾ ഒത്തുകൂടുന്നത്? സാമൂഹിക പ്രവർത്തനത്തിന്റെ സാധ്യതയെക്കുറിച്ച് ചിന്തിക്കുന്നത്? ഏത് മുഹൂർത്തത്തിലാണ് അല്ലെങ്കിൽ ഏത് അവസ്ഥയിലാണ് സാമൂഹിക പ്രവർത്തനത്തിനുശേഷം നമ്മൾ എത്തിച്ചേർന്നുവെന്ന് പറയപ്പെടുന്ന ഒരു ഘടനയിലേക്ക് മനുഷ്യന്റെ അത്യാർത്തികളും ആക്രമണോത്സുകതയും കടന്നുവരുന്നത്? ഇങ്ങനെ കടന്നുവരുന്നത് തടയുവാൻ എന്തെങ്കിലും ഉപാധികൾ ഉണ്ടോ? ഇത് വ്യക്തമല്ല. നാമിത് സാമ്പ്രദായികമായി അവഗണിക്കുന്നു. കാരണം ഘടനയിലേക്ക് ഉൾച്ചേർന്നു കഴിയുമ്പോൾ ഞാൻ നിങ്ങളേക്കാളും ശക്തനായി. നിങ്ങളുടെ മേൽ ശക്തി പ്രയോഗിക്കാൻ തുടങ്ങി. എപ്പോഴാണ് ഇങ്ങനെ സംഭവിക്കുന്നത്? വ്യക്തമല്ല.



സാമൂഹിക പ്രവർത്തനത്തെപ്പറ്റി ഗുണാത്മകം എന്നതിനേക്കാൾ ചരിത്രം നമുക്ക് കൂടുതൽ കാണിച്ചുതരുന്നത് വളരെ ഋണാത്മകം ആയ കുറെ കാര്യങ്ങളാണ്. ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനുവേണ്ടി പ്രവർത്തിക്കുന്നു എന്നു പറയുന്ന ഒരു വിഭാഗം ആളുകൾക്ക്, സാമൂഹിക പ്രവർത്തകർക്ക്, ആവശ്യമായിട്ടുള്ള സംവേദനക്ഷമതയുടെ സ്വഭാവത്തെപ്പറ്റി നാം എത്രത്തോളം ആലോചിച്ചിട്ടുണ്ട്? സംവേദനക്ഷമതയുടെ ലക്ഷണങ്ങളിൽ ഒന്ന് സാമൂഹ്യ പ്രവർത്തകർക്ക് പരസ്പരവും അവർക്ക് ജനങ്ങളോടും ഉള്ള വിശ്വാസ്യത, അല്ലെങ്കിൽ ഉത്തരവാദിത്വബോധം ആണ്. അത്തരം സംവേദനക്ഷമത ജനാധിപത്യതത്വത്തിൽ അന്തർലീനമാണ്. അത് നിലനിർത്തി കൊണ്ട് നമുക്ക് സാമൂഹിക പ്രവർത്തനത്തെ കൂടുതൽ സജീവമാക്കിത്തുടരാം. അതല്ലാത്ത ഒരു സാധ്യത പ്രൊഫഷണൽ ആവുകയെന്നതാണ്. നിഷ്കൃഷ്ടമായ കാര്യസ്ഥത യാണ് പ്രൊഫഷണലിസം. പ്രൊഫഷണൽ സാമൂഹിക പ്രവർത്തനമാണ്, ഒരു കണക്കിന്, രാഷ്ട്രീയ പാർട്ടികൾ തത്വത്തിൽ നടത്താൻ ബാധ്യസ്ഥരായിരിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ സാമൂഹിക പ്രവർത്തകരുടെ മേൽ കൂടുതൽ പ്രൊഫഷണൽ ആകാനുള്ള സമ്മർദ്ദം ഒന്നുമില്ല. രാഷ്ട്രീയ പാർട്ടികൾക്ക് പ്രശ്നമുണ്ട്. പ്രൊഫഷണൽ ആയിട്ടില്ലെങ്കിൽ അവരുടെ പ്രകടനം വളരെ മോശമാകും. നിങ്ങൾ ആർക്കെങ്കിലും വേണ്ടി സംസാരിക്കുന്നുണ്ടെങ്കിൽ ഇന്നത്തെ കാലഘട്ടത്തിന്റെ മൂല്യങ്ങൾ വെച്ച് നല്ല പ്രകടനം ആണ് പ്രതീക്ഷിക്കപ്പെടുക. നല്ല പ്രകടനം എന്നത് മാധ്യമങ്ങളിൽ കൂടിയും മറ്റും ആളുകൾ അംഗീകരിക്കുകയാണ്. രാഷ്ട്രീയ പാർട്ടികളിൽ പൊതുവെ കാണുന്നത് ഒരു തരത്തിലുള്ള പ്രകടനം ആണ്. അപ്പോൾ നിങ്ങൾ കൂടുതൽ നല്ല കാര്യസ്ഥത കാണിച്ചാലേ നല്ല പ്രകടനമാകൂ. അതേസമയം പ്രൊഫഷണൽ ആവുന്നതിന്റെ മറ്റൊരു വശം ജനങ്ങളെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ മിടിപ്പ് പിടിച്ചെടുക്കാനുള്ള നിങ്ങളുടെ ശേഷി കുറയുക എന്നുമാണ്.

നിങ്ങളെ പ്രത്യേകവൽകൃതമായ ഒരു പ്രവർത്തനത്തിന് വേണ്ടി ദാർഢ്യപ്പെടുത്തുകയാണ്. പ്രൊഫഷണലിസവും സംവേദനക്ഷമതയും ഒരുമിച്ച് കൊണ്ടുപോകാൻ പറ്റുമോ എന്നത് വ്യക്തമല്ല. ഉദാഹരണത്തിന് സാമൂഹിക അധികാരം, പല തരത്തിൽ വിനിയോഗിക്കപ്പെട്ട സ്ഥാപനങ്ങളിലാണ് ആളുകൾ പൊതുവെ പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനം ആണെങ്കിലും സെക്രട്ടറിയേറ്റ് ആണെങ്കിലും സ്വകാര്യ കമ്പനികളാണെങ്കിലും അവിടെയൊക്കെ പ്രവർത്തിക്കുന്നവരെ സംബന്ധിച്ചിടത്തോളം പ്രൊഫഷണൽ ആവുകയെന്നത് ആവശ്യമാണ്. എന്നുവെച്ചാൽ തന്നെ ഏൽപ്പിച്ച ജോലി ഏതു സാഹചര്യത്തിലും വൈദഗ്ധ്യത്തോടെയും വേഗത്തിലും പൂർണ്ണതയിലും ചെയ്യുവാൻ കഴിയണം. ഇതിന് ഒരാൾ നൽകപ്പെട്ട ചട്ടങ്ങൾ പാലിച്ച് നൽകപ്പെട്ട ജോലി പൂർത്തീകരിച്ചാൽ മതി. പക്ഷെ അങ്ങനെ പ്രൊഫഷണൽ ആകുമ്പോൾ അയാൾക്ക് ചുറ്റുവട്ടത്തോട് സംവേദനക്ഷമം ആവേണ്ടതില്ല. സാമൂഹിക പ്രവർത്തനം അങ്ങനെ സങ്കല്പിക്കപ്പെടുകയാണെങ്കിൽ ജനാധികാരത്തെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനം മുൻ നിശ്ചയിക്കപ്പെട്ട ലക്ഷ്യങ്ങൾ അടിസ്ഥാനപ്പെടുത്തിയ പ്രവർത്തനമായിത്തീരും. അത് വളരെ വിചിത്രമായ ഒരു സ്ഥിതിവിശേഷം ആണെന്നാണ് എനിക്ക് തോന്നുന്നത്. അതായത് ജനാധിപത്യം, ജനാധികാരം എന്നത് പൂർവ്വനിശ്ചിതമായ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാനുള്ള ഒരു പ്രക്രിയയായി, പ്രൊഫഷണൽ സമീപനത്തിലൂടെ കാണുകയാണെങ്കിൽ, അത് ആശയക്കുഴപ്പം ഉണ്ടാക്കും.

ചോദ്യം, ജനങ്ങളോടുള്ള, ജനങ്ങളെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളോടുള്ള സംവേദനീയതയെ ഔദ്യോഗികവൽക്കരിക്കാൻ (professionalise), അതായത് ഒരു പ്രത്യേക കാര്യം നിർവ്വഹിക്കുന്നതിന്റെ മികവായി രൂപാന്തരപ്പെടുത്താൻ കഴിയുമോ എന്നാണ്. കോർപ്പറേറ്റ് സ്ഥാപനങ്ങളിലെയും അവയിലെ ജീവനക്കാരുടെയും പ്രവർത്തനങ്ങളിൽ പ്രൊഫഷണലിസം കാണുന്നതുപോലെ ഒന്ന് സാമൂഹിക പ്രവർത്തനത്തിലും പ്രതീക്ഷിക്കപ്പെടുക എന്നത് വളരെ വിചിത്രമായ ഒരു സ്ഥിതി വിശേഷമാണ്. സാമൂഹിക പ്രവർത്തനത്തെ പ്രൊഫഷണൽ ആക്കുക എന്ന ബദൽ നാം സ്വീകരിക്കുന്നില്ലെങ്കിൽ നിലവിലുള്ള രാഷ്ട്രീയത്തിലെ കെടുകാര്യസ്ഥത അംഗീകരിക്കുയെന്നല്ല വിവക്ഷ. സംവേദനക്ഷമത ഒരു ബദൽ അല്ല, അത് ജനാധികാര സങ്കല്പത്തിന്റെ ആധാരശിലയാണ്. അതേസമയം എളുപ്പം ഉടയുന്ന സ്വരൂപമാണതിനുള്ളത്. അത് നിലനിർത്തികൊണ്ടിരിക്കേണ്ടതാണ്. അതായത് നമ്മൾ അനുനിമിഷം പ്രത്യേക പ്രവർത്തനരീതികളോട് പരിചിതമായി അതിൽ പഴക്കം വന്നു കഴിഞ്ഞാൽ നമ്മുടെ സംവേദനക്ഷമത വളരെയധികം ബാധിക്കപ്പെടുന്ന ഒരു അവസ്ഥ സംജാതമാകും. നാം ദൃഢീകരിക്കപ്പെടും. സാമൂഹിക പ്രവർത്തനത്തെ സംബന്ധിച്ച് പറഞ്ഞാൽ ഇങ്ങനെ സംഭവിക്കുന്നത് പ്ലേക് (plaque) വന്ന് പല്ലിന്റെ വേരുകൾ ദുർബലപ്പെടുന്നതിന് സമാനമാണ്. സാമൂഹിക പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം നമ്മൾ നല്ല ജാഗ്രത പുലർത്തുന്നില്ലെങ്കിൽ സൂക്ഷ്മ സംവേദനക്ഷമത നിലനിർത്തുന്നില്ലെങ്കിൽ അത് പെട്ടെന്ന് നമ്മളെ ദൃഢപ്പെടുത്തുകയും അതിന്റെ ഉദ്ദേശത്തെത്തന്നെ അത് ബാധിക്കുകയും ചെയ്യും. പറയുന്നതെന്തെന്നുവച്ചാൽ പഴക്കംകൊണ്ട് പുതിയ കാര്യങ്ങൾ നമുക്ക് ദർശിക്കാൻ കഴിയാതിരിക്കുകയും നമ്മുടെ തന്നെ ദോഷങ്ങൾ നാം തിരിച്ചറിയാത്ത ഒരു പ്രവർത്തന രീതിയിൽ നാം ഏർപ്പെടുകയും ചെയ്യും.

**സാമൂഹിക പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം നമ്മൾ നല്ല ജാഗ്രത പുലർത്തുന്നില്ലെങ്കിൽ സൂക്ഷ്മ സംവേദനക്ഷമത നിലനിർത്തുന്നില്ലെങ്കിൽ അത് പെട്ടെന്ന് നമ്മളെ ദൃഢപ്പെടുത്തുകയും അതിന്റെ ഉദ്ദേശത്തെത്തന്നെ അത് ബാധിക്കുകയും ചെയ്യും.**

•

സമകാലിക സാമൂഹിക പ്രവർത്തനങ്ങളിൽ ഏറ്റവും വലിയ ഭീഷണി വരുന്നത് മാധ്യമങ്ങൾക്കിടയിൽ നിന്നാണ്. മാധ്യമങ്ങളിലെ കവറേജ് എന്ന് പറയുന്നത് ലോകത്തെല്ലായിടത്തും സാമൂഹിക പ്രവർത്തനത്തെ അപകടപ്പെടുത്തുന്ന ഒന്നാണ്. അത് പെട്ടെന്ന് ഒരു കാര്യം നിറവേറ്റി (accomplish) കഴിഞ്ഞിരിക്കുന്നു എന്നൊരു ധാരണ സാമൂഹിക പ്രവർത്തനത്തിൽ ഏർപ്പെടുന്ന ആളുകളിൽ ഉണ്ടാകാൻ ഇടയാക്കുന്നു. പത്രമാധ്യമങ്ങൾ ഒരു പ്രസ്ഥാനത്തെ കാണുന്നത് എങ്ങനെയാണ്? പ്രസ്ഥാനത്തിൽ നിന്ന് വ്യക്തികളെ പെറുക്കിയെടുക്കുന്നു. അവരുടെ പ്രകടനങ്ങൾ വായനക്കാർക്കും കാണികൾക്കും കാഴ്ചവെക്കുന്നു. മാധ്യമപ്രവർത്തകരുടെയും തെരഞ്ഞെടുത്ത വ്യക്തികളുടെയും പ്രകടനങ്ങൾ കാണികളെ രസിപ്പിക്കുന്ന തരത്തിൽ അവതരിപ്പിക്കുന്നു. യഥാർത്ഥ വിവരങ്ങൾ കൊടുക്കുന്നതിനേക്കാൾ കൂടുതൽ കഥകൾ ഉണ്ടാക്കി നിങ്ങളെ രസിപ്പിക്കാനാണ് മാധ്യമങ്ങൾ ശ്രമിക്കുന്നത്. സാമൂഹിക പ്രവർത്തനം ഇത്തരത്തിലുള്ള മാധ്യമങ്ങളുമായി കെട്ടിപിണയുമ്പോൾ ഉടനെ അത് വേറൊരു വിനോദമെന്ന നിലയിൽ അനുവാചകർക്കും ദർശകർക്കും സംതൃപ്തി തരുന്നു.

ഇന്നത്തെ ജീവിതം കുറെക്കൂടി സുതാര്യം ആണ് എന്ന് പറയപ്പെടുന്നു. ഇന്ന് ലോകത്ത് മുഴുവനും നടന്നുകൊണ്ടിരിക്കുന്നത് മനുഷ്യന്റെ പുറംലോകത്തേക്കുള്ള തെരച്ചിലാണ്. എന്നാൽ പുറത്തേത് തിരിച്ച് അകത്തേക്ക് എത്തുന്നു. ആശയവിനിമയലോകം നമ്മളുമായി വിനിമയം നടത്തുക മാത്രമല്ല ചെയ്യുന്നത്. യഥാർത്ഥത്തിൽ നമ്മളെ നിർമ്മിക്കുകയും ചെയ്യുകയാണ്. പുതിയ വിഷയികളെ ഉണ്ടാക്കുന്നു. അതിന് ആരെയും ഉണ്ടാക്കാൻ പറ്റും. ഉണ്ടാക്കാതിരിക്കാനും, ഇല്ലാതാക്കാനും പറ്റും. അത്തരമൊരു ലോകത്തിലാണ് നാം. ഉണ്ടാക്കാനും ഇല്ലാതാക്കാനും കെൽപ്പുള്ള ഒരു ലോകമായി മാറിക്കൊണ്ടിരിക്കുകയാണ് മാധ്യമം. പെട്ടെന്ന് വലുതാക്കി ആളെ മാറ്റുന്ന ഒരു ശക്തിയാണത്. ഏത് വിധത്തിലുള്ള സാമൂഹിക പ്രവർത്തനത്തിന് ഇതിൽ നിന്ന് രക്ഷപ്പെടാൻ പറ്റും എന്ന് ആലോചിക്കണം.

ജനാധികാരവത്കരണത്തിന്റെ കൂടെ തുടക്കം മുതലെ ഉണ്ടായിരുന്ന ഒന്നാണ് മാധ്യമം. മാധ്യമങ്ങളുടെ പ്രാരംഭകാലത്ത് വാർത്താപത്രികകൾ പോലെ ചെറിയ കാര്യങ്ങളാണ് നിർവ്വഹിച്ചിരുന്നത്. ജനപ്രാതിനിധ്യ ആശയങ്ങൾ അവതരിപ്പിക്കുന്നതിലും അത് അധികാര സ്ഥാനങ്ങളുമായി യോജിപ്പിക്കുന്നതിലും പത്രമാധ്യമങ്ങൾ വലിയ പ്രാധാന്യം നൽകിയിരുന്നു. ലോകത്ത് ഇന്ന് സാങ്കേതികവിദ്യയുടെ വികാസത്തിന്റെ ഫലമായി മാധ്യമങ്ങൾ എത്രയോ മടങ്ങ് ശക്തമായി മാറിയിരിക്കുകയാണ്. അത് ഇന്ന് ജനങ്ങളുടെ ഇടയിലേയ്ക്ക് രാഷ്ട്രീയകക്ഷികളേക്കാൾ വേഗത്തിലും കാര്യക്ഷമതയോടെയും കടന്നുചെല്ലാൻ പ്രാപ്തിയുള്ളതായി. പൊതുപ്രവർത്തനത്തിനുവേണ്ടി സാമൂഹിക പ്രവർത്തനത്തിൽ ഏർപ്പെടുന്ന ഏതൊരു വിഭാഗത്തെക്കാളും കൂടുതൽ ജനങ്ങളുമായുള്ള സമ്പർക്കം ഇന്ന് മാധ്യമങ്ങൾക്കാണ്. അതുകൊണ്ട് മാധ്യമങ്ങളുടെ

**ആശയവിനിമയലോകം നമ്മളുമായി വിനിമയം നടത്തുക മാത്രമല്ല ചെയ്യുന്നത്. യഥാർത്ഥത്തിൽ നമ്മളെ നിർമ്മിക്കുകയും ചെയ്യുകയാണ്. പുതിയ വിഷയികളെ ഉണ്ടാക്കുന്നു. അതിന് ആരെയും ഉണ്ടാക്കാൻ പറ്റും. ഉണ്ടാക്കാതിരിക്കാനും, ഇല്ലാതാക്കാനും പറ്റും.**



പശ്ചാത്തലത്തിൽ അവരുടെ ആനോട്ടത്തിന്റെ അകത്ത് ആളുകൾ ഉണ്ടാക്കപ്പെടുകയാണ്. അതുകൊണ്ട് സാമൂഹിക പ്രവർത്തനം മാധ്യമത്തിനകത്താണ് ഇന്ന് സ്ഥാനനിർണ്ണയം ചെയ്യപ്പെടുന്നത്. അതിൽ നിന്ന് മാറിനിന്ന് സ്വതന്ത്രമായി ഒരു സാമൂഹിക പ്രവർത്തനം നടത്താൻ സാധ്യതയുണ്ടോ എന്നത് ആലോചിക്കേണ്ടതാണ്. അതായത് നിങ്ങൾ ആരാണെന്ന് കാണിക്കുക. അല്ലെങ്കിൽ സമൂഹത്തിൽ ആരുമല്ലാതാകും. നിങ്ങൾ മാധ്യമങ്ങളോട് പ്രതികരിച്ചു കഴിഞ്ഞാൽ അവർ നിങ്ങൾക്ക് ചില റോളുകൾ തരും. നിങ്ങൾ എന്താണെന്നുള്ളത് അതു നിശ്ചയിക്കും. അങ്ങനെ അല്ലാതെ നിങ്ങളുടെ സാമൂഹിക പ്രവർത്തനത്തിന്റെ മാത്രം ബലത്തിൽ നിങ്ങൾതന്നെ ഉണ്ടാക്കി കൊടുത്ത ഒരു പ്രതിബിംബം ആയി നിങ്ങൾ തീരും എന്ന് വിചാരിക്കരുത്. സ്വന്തം ഇച്ഛാശക്തിയിലും സ്വാതന്ത്ര്യത്തിലും ഉറച്ചുനിന്ന് ഞാൻ പാവിയ ഒരു പ്രവർത്തനപഥമാണ് പത്രം എന്റേതായി ലോകത്തിന്ന് കാട്ടുന്നത് എന്ന് തെറ്റിദ്ധരിക്കരുത് എന്നാണ് ഞാൻ പറയുന്നത്. എന്ത് സംഭവിക്കുമ്പോഴും അത് സ്റ്റോറി ആക്കാൻ പറ്റുകയാണെങ്കിൽ മാധ്യമങ്ങൾ അവിടെ ഓടിയെത്തും. നിങ്ങളെത്തേടി വരും. മാധ്യമത്തിന് നിങ്ങളിൽ താല്പര്യമുണ്ടെങ്കിൽ നിങ്ങളുടെ പ്രകടനത്തെ കൂടുതൽ മിഴിവുറ്റതാക്കാനായി മാധ്യമം നിങ്ങളെ പരുവപ്പെടുത്തും. അതായത് നിങ്ങളുടെ സാമൂഹികമായ പ്രതിബിംബം വളരെ ഫ്രജയിൽ ആണ്. അപ്പോൾ സൂക്ഷിച്ച്, കൊണ്ടുപോകേണ്ട ഒരു കാര്യമാണ് സൂക്ഷ്മസംവേദനം. മാധ്യമത്തെ നമ്മൾ നിഷ്കളങ്കമായി സമീപിച്ചാൽ ആ സൂക്ഷ്മസംവേദനക്ഷമത തകരും. അപ്പോൾ സാമൂഹിക പ്രവർത്തനത്തിൽ ഔദ്യോഗികമാകാനല്ല നമ്മൾ തീരുമാനിച്ചതെങ്കിൽ, ബദൽ എന്ത് എന്നത് അങ്ങേയറ്റം ശ്രദ്ധ ആവശ്യപ്പെടുന്ന കാര്യമാണ്. ആന്തരികവും ബാഹ്യവുമായ ശ്രദ്ധ.

•

സാമൂഹിക പ്രവർത്തനത്തിന്റെ ഘടനാപരമായ വശത്തിൽ ഊന്നിക്കൊണ്ട് രക്ഷപ്പെടാം എന്ന് തോന്നുന്നില്ല. ഘടനാപരമായ വശത്തിലൂന്നുമ്പോൾ വീണ്ടും പ്രൊഫഷണലിസത്തിന്റെ സ്വഭാവം അതിന് കൈവരും. അതായത് സാധാരണ സംഘടനകൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ അതിനും ഉണ്ടാകും.

•

ജനാധികാരം എന്ന സങ്കല്പത്തെപ്പറ്റിയുള്ള തോന്നലുകൾ വീണ്ടും ആവിഷ്കരിക്കുകയാണ്. ജനം എന്നതിൽ മാനവിക സങ്കല്പം ഉള്ളടങ്ങിയിരിക്കുന്നു. അതിൽ വർഗ്ഗമോ, ജാതിയോ ഒന്നും ഇല്ല. മനുഷ്യർ സാമൂഹികമായി ജീവിക്കുന്നു. മാർക്സിസ്റ്റ് സമീപനത്തിൽ അങ്ങനെ അല്ല. വർഗ്ഗത്തിന്റെ അടിസ്ഥാനത്തിൽ വിഘടിക്കപ്പെട്ടിട്ടുള്ള താല്പര്യങ്ങളുടെ സംഘടനാപരമായ തലത്തിൽ മാത്രമെ നമുക്ക് സാമൂഹിക പ്രവർത്തനത്തെപ്പറ്റി ചിന്തിക്കാൻ പറ്റുകയുള്ളു എന്നുള്ളത് ജനാധിപത്യ രീതിക്ക് യോജിച്ചതല്ല. കുറഞ്ഞത്, ഇന്ന് നാം പരിചയിച്ചിട്ടുള്ള രൂപപരമായ ജനാധികാരത്തിന് പറ്റിയതല്ല. കാരണം ജനം എന്നതിനെ മാനുഷികം എന്ന അടിസ്ഥാനത്തിൽ എടുക്കുന്നതിനുപകരം അതിനെ പരസ്പര വിരുദ്ധമായ രണ്ട് വിഭാഗമായി തിരിക്കുന്നു. അത്തരം വിഭാജനം കൊണ്ട് വർഗ്ഗങ്ങൾ മാത്രമേ കിട്ടുകയുള്ളൂ. ജനത്തെ ആധാരമാക്കാനാവില്ല. ജനം എന്ന സങ്കല്പനത്തിൽ ഒരു തരത്തിലുള്ള വിവേചനവും പാടില്ല. ഒരു സാമൂഹികലോകത്തിൽ എന്തൊക്കെ അനീതിയുണ്ടെങ്കിലും ആ സാമൂഹിക ലോകത്തെ മൊത്തത്തിലാണ് ജനം എന്ന് പറയുന്നത്. കൂട്ടായി ജീവിക്കുന്ന മനുഷ്യർ പല തരത്തിലുള്ളവരാണ്. അവിടെ ഒരു വ്യവസ്ഥയുണ്ടായിരിക്കും. ആ വ്യവസ്ഥയിൽ ഒരു അനീതിയും ഉണ്ടായിരിക്കാം. അപ്പോൾ ജനം എന്ന് പറയുമ്പോൾ വ്യവസ്ഥയിലെ പലതരം പ്രവൃത്തികളിലും അവസ്ഥകളിലും, ശക്തിബന്ധങ്ങളിലും പെട്ടിട്ടുള്ള ആളുകളുടെ, വിഭാഗങ്ങളുടെ വീക്ഷണകോണുകളിൽ നിന്ന് വ്യത്യസ്തമായി കാണപ്പെടേണ്ട ഒരു സങ്കല്പമാണ്. ജനാധികാര വ്യവസ്ഥയിൽ ജനം എന്നത് ഏറ്റവും അടിസ്ഥാനപരമായ സംവർഗ്ഗമാണ്. ഒരു വിഭാഗത്തിന്ന് മറ്റൊന്നിന്റെമേൽ പ്രാമാണ്യതയില്ല. ജനാധിപത്യം, വ്യക്തി, മാനവികത എന്നൊക്കെ പറയുന്നതിന്റെ താത്വികമായ പശ്ചാത്തലം ഇതാണ്. ഇങ്ങനെ വേണം എന്നല്ല പറയുന്നത്. ജനത്തിന്റെയും അതിന്റെ അധികാരത്തെയും ചിന്തിക്കുമ്പോൾ ഇങ്ങനെ മനസ്സിലാക്കേണ്ടിവരും, താർക്കികമായി നോക്കിയാൽ.

**അനീതി ഒരു വ്യവസ്ഥയുടെ സ്വഭാവമായി വരുന്നത് അത് ആ വ്യവസ്ഥയുടെ അനുഭവസ്ഥർക്ക് യാതന ഉണ്ടാക്കുമ്പോഴാണ്. അത്തരം വ്യവസ്ഥ അനീതിപൂർവ്വമായ ഒന്നാണ്. വ്യവസ്ഥയെ നിലനിർത്താൻ വേണ്ടി ആരെങ്കിലും യാതന അനുഭവിക്കേണ്ടി വരുകയാണെങ്കിൽ അത് അനീതിപൂർവ്വമായിട്ടുള്ളതാണ്.**

അങ്ങനെ മനുഷ്യർ സാമൂഹികമായി ജീവിക്കുന്നതിന്റെ, ഒരു വ്യവസ്ഥാരൂപത്തിൽപ്പെടുന്ന, പ്രത്യേകവത്കൃതവീക്ഷണ കോണിൽ നിന്ന് വ്യത്യസ്തമായി, ജനം എന്ന് അതിലെ അനുഭവസ്ഥരായ എല്ലാവരെയും നിർവിവേചനം വിളിക്കുമ്പോൾ, അവരുടെ അധികാരവുമായി ബന്ധപ്പെട്ട് നമ്മുടെ മുന്നിൽ ഉയരുന്ന ഏറ്റവും പ്രധാനപ്പെട്ട സങ്കല്പം അല്ലെങ്കിൽ മൂല്യം ആ വ്യവസ്ഥയുടെ നീതിയെക്കുറിച്ചുള്ളതാണ്. നീതി എന്ന് വെച്ചാൽ ജനനീതിയാണ്. ജനനീതിയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഒരു വ്യവസ്ഥ നീതിപൂർവ്വമോ അല്ലയോ എന്നാണ് നാം നോക്കേണ്ടത്. ജനാധികാരത്തിൽ അപ്പോൾ നീതി എന്ന് പറയുന്നത് ഒരു ഗുണാത്മകമായ അവസ്ഥയായിരിക്കില്ല. അനീതിയാണ് ലോകത്തിൽ സർവ്വസാധാരണമായി കാണുന്നത്. ജനകീയ മുന്നേറ്റങ്ങൾ അനീതിയെ മറികടക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണുണ്ടാവുന്നത്. അതാണ് യാഥാർത്ഥ്യം. വ്യവസ്ഥയിൽ പ്രത്യേകം പ്രത്യേകം ശേഷികളിലൂടെ ഇടകലർന്നു ജീവിക്കുന്ന വിഭിന്ന തൽപരരായ മനുഷ്യരെയാകമാനം ജനം എന്ന് അമൂർത്തമായി സൂചിപ്പിക്കുമ്പോൾ ഒരു കേന്ദ്ര സങ്കല്പമായി നീതിയെ കാണുന്നത് വിധായകമായിട്ടാണോ (positive) എന്ന് ആദ്യം തീരുമാനിക്കണം. വിധായകമായി നീതിയെ മനസ്സിലാക്കുന്നത് സാങ്കല്പികതലത്തിൽ ഒതുങ്ങിനില്ക്കും. അനുഭവതലത്തിൽ അനീതിയെയാണ് നാം നിരന്തരം നേരിടുന്നത്. അനീതി ഒരു വ്യവസ്ഥയുടെ സ്വഭാവമായി വരുന്നത് അത് ആ വ്യവസ്ഥയുടെ അനുഭവസ്ഥർക്ക് യാതന ഉണ്ടാക്കുമ്പോഴാണ്. അത്തരം വ്യവസ്ഥ അനീതിപൂർവ്വമായ ഒന്നാണ്. വ്യവസ്ഥയെ നിലനിർത്താൻ വേണ്ടി ആരെങ്കിലും യാതന അനുഭവിക്കേണ്ടി വരുകയാണെങ്കിൽ അത് അനീതിപൂർവ്വമായിട്ടുള്ളതാണ്. അങ്ങനെയല്ലാത്ത, യാതന ഇല്ലാത്ത അവസ്ഥയെയാണ്, അനീതി ഇല്ലാത്ത അവസ്ഥയെയാണ് നമ്മൾ നീതി എന്ന് പറയുന്നത്. ഈ അർത്ഥത്തിലല്ലാതെ നീതി എന്താണെന്ന് പറയാൻ ശ്രമിക്കുമ്പോൾ നാം ആദർശതലത്തിൽ കുരുങ്ങിപ്പോകും. അനീതി എന്താണെന്ന് നമുക്ക് അറിയാം. കാരണം മൂർത്തമായ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് അനീതിയെ നാം നിർവചിക്കുന്നത്. യാതനയാണത്. ഒരു ചെറു വിഭാഗത്തെയോ അല്ലെങ്കിൽ വലിയ വിഭാഗത്തെയോ അതു ബാധിക്കാം. യാതന ഒഴിവാക്കുകയാണെങ്കിൽ അനീതി മാറ്റാം. അപ്പോൾ ജനം എന്ന് പറയുമ്പോൾ നാം ഈ മനുഷ്യരെ ഒരു വ്യവസ്ഥയിൽപെട്ടവരായിട്ടാണ് എടുക്കുന്നത്. സാമൂഹിക ജീവിതം ഒരു വ്യവസ്ഥാരൂപത്തിൽ നിലനിർത്തിക്കൊണ്ടു പോരുമ്പോൾ അതിൽ ഓരോരുത്തരും മനുഷ്യർ ആണ് എന്നു നാം അംഗീകരിക്കുന്നതുകൊണ്ടാണ് ജനം പ്രസക്തമാകുന്നത്. ഞാൻ ഏതെങ്കിലും വർഗത്തിൽ



വിശ്വസിക്കുകയാണെങ്കിൽ എന്റെ വർഗത്തെമാത്രം മനുഷ്യനായി കരുതിയാൽ മതി. ഞാൻ ഹിന്ദുവായോ, മുസ്ലീമായോ, തൊഴിലാളിയായോ, മുതലാളിയായോ നിന്നുകൊണ്ട് മനുഷ്യനായി കരുതിയാൽ മതി. തങ്ങളല്ലാത്തവരെ മനുഷ്യരായി പരിഗണിക്കാൻ പൌരാണിക മനുഷ്യവിഭാഗങ്ങൾ വൈമുഖ്യം കാണിച്ചിരുന്നു. പ്രാക്തന ഗോത്രവർഗ്ഗക്കാരും ആഫ്രിക്കക്കാരും മറ്റും തങ്ങളെപ്പോലെതന്നെ മനുഷ്യരാണ് എന്ന സത്യം യൂറോപ്പിലെ യാഥാസ്ഥിതിക മനുഷ്യരെ ഞെട്ടിക്കുകയുണ്ടായി. അടിമകളെയും സ്ത്രീകളെയും ജനമായി കരുതാൻ പുരാതന ഗ്രീക്ക് ജനാധിപത്യവ്യവസ്ഥ പോലും തയ്യാറായിരുന്നില്ല. പൌരാണിക ഭാരതീയ രാഷ്ട്രവ്യവസ്ഥയിലും അവർണ്ണ വിഭാഗങ്ങളെ ജനമായി കണ്ടില്ല. യൂറോപ്പിൽ ആധുനികകാലത്തിൽ പോലും സ്ത്രീകളെ ജനമായി അംഗീകരിച്ചിരുന്നില്ല, ജനാധിപത്യവ്യവസ്ഥ നിലവിൽ വന്നതിനുശേഷവും. ഏതെങ്കിലും വർഗത്തിന്റെയോ വംശത്തിന്റെയോ, മതത്തിന്റെയോ പേരിൽ അല്ലാതെ ജനം എന്ന് നിർവ്വചിക്കുമ്പോൾ നമ്മൾ മാനുഷികം എന്നുള്ള അർത്ഥത്തിൽ ആണ് നിർവ്വചിക്കുന്നത്. മുൻപൊരിക്കൽ ജനം മനുഷ്യർ മാത്രമല്ല, ഒഴുകുന്ന നദികൾ പോലും ജനം ആണ് എന്നു സൂചിപ്പിച്ചു. ജനം എന്നതിനെ അത്രയും വ്യാപ്തിയോടെ നിർവ്വചിക്കണം. യാതന എന്ന് പറഞ്ഞാൽ ഭൂമിക്ക് ഉണ്ടാകുന്ന യാതനകളും ജനങ്ങളുടെ യാതനകളും ഒരു വൃക്ഷം മുറിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന യാതനയും കാണണം. അങ്ങനെ വിശാലമായ അർത്ഥത്തിൽ നോക്കിയാൽ ഒരു വ്യവസ്ഥ നിലനിർത്താൻ വേണ്ടി ആരെങ്കിലും യാതന അനുഭവിക്കുന്നുവെങ്കിൽ ആ യാതനയെ മറികടക്കാൻവേണ്ടി ചെയ്യുന്ന ശ്രമങ്ങൾ ആയി സാമൂഹിക പ്രവർത്തനത്തിനെ കാണണം.

ജനം എന്നത് വിശാലാർത്ഥത്തിൽ പ്രത്യേകിച്ച് ആരും അല്ല. അല്ലെങ്കിൽ എല്ലാവരും ആണ്. മുതലാളി അടക്കം ഉള്ള എല്ലാവരും ആണ് ജനം. ദാരിദ്ര്യവും യാതനയുമൊക്കെ മാറിയ ഒരു സാഹചര്യമാണെന്നു വിചാരിക്കുക. ആർക്കും അവരുടെ ഭൗതിക വിഭവങ്ങൾ നിഷേധിക്കപ്പെടാതിരിക്കുകയും ഇടപാടുകൾ നീതിപൂർവ്വം നിർവ്വഹിക്കാൻ കഴിയുന്ന അവസ്ഥയിലും സാമൂഹിക പ്രവർത്തനം സാധ്യമാണ്. കാരണം എന്താണ്? ഒരു സാമൂഹിക വ്യവസ്ഥയിൽ മനുഷ്യരുടെ ഭൗതികമായ താൽപ്പര്യങ്ങൾ നിറവേറ്റപ്പെടുകയും ഭൗതികമായ സുരക്ഷിതത്വം ഉറപ്പാക്കപ്പെടുകയും ചെയ്താലും ആ വ്യവസ്ഥയെ അങ്ങനെ നിലനിർത്താൻ വേണ്ടി കുറച്ചു മനുഷ്യർ സമ്മർദ്ദം, സംക്ഷോഭം അനുഭവിക്കേണ്ടി വരുകയാണെങ്കിൽ അത് അനീതി പൂർവ്വമായിട്ടുള്ള വ്യവസ്ഥയാണ്. ഉദാഹരണത്തിന് സാങ്കേതികവിദ്യയാണ് ഭൗതിക ജീവിതത്തെ ഇനിയങ്ങോട്ട് നിയന്ത്രിക്കുന്നത് എന്നു വയ്ക്കുക. ഇന്നത്തെ പൊതുമാനദണ്ഡങ്ങളുടെയും, രാഷ്ട്രീയ പാർട്ടികളുടെയും സങ്കല്പമനുസരിച്ചുള്ള സുഖമായ അന്തരീക്ഷം. എന്നുവെച്ചാൽ എല്ലാവർക്കും ഭക്ഷണം, കിടപ്പാടം തുടങ്ങിയവ എല്ലാമുണ്ട്. പക്ഷെ വ്യവസ്ഥ നിലനിർത്താൻ വേണ്ടി മനുഷ്യരിൽ ചിലർക്ക് അവരുടെ ബുദ്ധിയേയും തലച്ചോറിനേയും എപ്പോഴും സംക്ഷോഭത്തിന്റെ മുൾമുനയിൽ നിർത്തികൊണ്ടിരിക്കേണ്ടി വരികയാണെങ്കിൽ അത് അനീതിപൂർവ്വമാണ്. പറയുന്നതെന്താണെന്നുവെച്ചാൽ ആ യാതന അനുഭവിക്കുന്ന മനുഷ്യരാണ് ജനം. അനീതിക്ക് എതിരായി ഒരു മുന്നേറ്റം അവിടെ പ്രസക്തമാവുന്നു. ഇങ്ങനെ യാതന മനുഷ്യജീവിതത്തിൽ നിന്ന് മാറ്റാൻ, യാതന ഇല്ലാതാക്കാൻ വേണ്ടിയുള്ള ഒരു ശ്രമം ആയി സാമൂഹിക പ്രവർത്തനത്തിനെ കാണാം. ഈ അർത്ഥത്തിൽ സാമൂഹിക പ്രവർത്തനത്തെ ജനാധികാരവുമായി ബന്ധപ്പെടുത്താം. പക്ഷെ ഇതൊക്കെ സങ്കല്പനപരമായ അപഗ്രഥനത്തിന്റെ തലത്തിൽ മാത്രമാണ്. പ്രായോഗിക ജീവിതത്തിൽ സങ്കീർണ്ണമായി സ്ഥിതിവിശേഷത്തെയായിരിക്കും നമ്മൾ നേരിടേണ്ടി വരുന്നത്. അപ്പോഴാണ് സൂക്ഷ്മ സംവേദനക്ഷമത പുനരാവിഷ്കരിക്കേണ്ടത് ആവശ്യമാവുന്നത്.

*(തുടരും)*

*(2005-ൽ അങ്കമാലിയിൽ നടന്ന പ്രഭാഷണത്തിൽനിന്നുള്ള ഭാഗങ്ങൾ)*
*തത്വശാസ്ത്ര വിഭാഗം, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി*